പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1742 — 18.6.2012 ൽ മറുപടിയ്ക്ക്

## ഇ - സ്റ്റാമ്പിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഇ-സ്റ്റാമ്പിംഗ് സൗകര്യം സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഇല്ല ; |
| (ബി) എങ്കിൽ ഇതിനായി ഇതിനകം സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്; | (ബി) വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുളള ഇ-സ്റ്റാമ്പിംഗ് സംവിധാനം കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനായി, കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി) സാങ്കേതിക സഹായത്താൽ, രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുളള പ്രാരംഭ ഘട്ട ചർച്ചകൾ നടത്തുകയും, ആയതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി രജിസ്ട്രേഷൻ,ട്രഷറി, എൻ.ഐ.സി.ഉദ്യോഗസ്ഥരുടെയും സാങ്കേതിക വിദഗ്ധരുടെയും ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (സി) കേന്ദ്ര ഗവൺമെന്റ് സഹായം ഇക്കാര്യത്തിൽ ലഭ്യമായിട്ടുണ്ടോ; കേന്ദ്ര സഹായ പദ്ധതി നിലവിലുളളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല. എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ഒരു പദ്ധതിയ്ക്ക് രൂപം നൽകി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇ-സ്റ്റാമ്പിംഗ് സൗകര്യം പൂർണ്ണമായി എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ? | (ഡി) കേരളത്തിൽ ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ഘട്ട നടപടികൾ മാത്രമേ ആയിട്ടുള്ളു. ആയതിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിക്കഴിഞ്ഞാൽ പദ്ധതി സംബന്ധിച്ച വ്യക്തമായ രൂപം ലഭിക്കുകയും, ആയതിന്റെയടിസ്ഥാനത്തിൽ മാത്രമെ പദ്ധതി എന്ന് പൂർണ്ണമായി നിലവിൽ വരും എന്ന കാര്യം വ്യക്തമാക്കുവാനും സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ